രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 26-04-2017**

**ഫയൽ നം.പ്ലാനിംഗ്.എ2/44/2016-ധന.** ഇനം നം: 946

**വിഷയം** : ധനകാര്യ വകുപ്പ് - വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി.

**തീരുമാനം** : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | പ്ലാനിംഗ് എ2/44/2016-ധന |
| 2 | വകുപ്പ് | ധനകാര്യ (പ്ലാനിംഗ്-എ) വകുപ്പ് |
| 3 | വിഷയം | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 05/04/2017 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അതെ |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ധനകാര്യ വകുപ്പിൽ നടപടി ആരംഭിച്ചു |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, നിയമ വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീമതി. എൻ. ശ്രീലത സുകുമാരൻ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീ.ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. കെ.എം. എബ്രഹാം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീ.ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 12.04.2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15/04/2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ. ടി.എം. തോമസ് ഐസക്, ധനകാര്യ വകുപ്പുമന്ത്രി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 17/04/2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 18/04/2017 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2016-17,2017-18 ബജറ്റുകളിൽ പ്രഖ്യാപിച്ചതനുസരിച്ച് വിദ്യാഭ്യാസവായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കാനായി ഒരു 'വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി'(Education Loan Repayment Support Scheme) സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതൊരു കടാശ്വാസപദ്ധതിയായിട്ടല്ല മറിച്ച് വായ്പാ തിരിച്ചടവ് അവധിക്കുശേഷം (Repayment holiday) ഉള്ള 4 വർഷകാലയളവിലേക്കുള്ള സർക്കാർ സഹായത്തോടുകൂടിയുള്ള ഒരു വായ്പാ തിരിച്ചടവ് സഹായ പദ്ധതിയാണ്. സംസ്ഥാനതല ബാങ്കുകളുടെ സമിതിയുമായി (എസ്.എൽ.ബി.സി) നടത്തിയ കൂടിയാലോചനയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ നടത്തിപ്പിനായി വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. (അനുബന്ധമായി ചേർത്തിരിക്കുന്നു.) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

**1. സാമ്പത്തിക സഹായം**

എ) താഴെപ്പറയുന്ന രണ്ട് വിഭാഗത്തിൽപ്പെടുന്ന അർഹരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

**(i) 9 ലക്ഷം രൂപ വരെ വായ്പകൾ അനുവദിച്ചിട്ടുള്ള നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകൾ (സ്റ്റാൻഡേർഡ് അക്കൗണ്ടുകൾ).**

01.04.2016നു മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയവർക്ക് മാത്രമേ തിരിച്ചടവ് സഹായം ലഭ്യമാകുകയുള്ളൂ. വായ്പാ തിരിച്ചടവ് അവധിക്കു ശേഷമുള്ള 01.04.2016 മുതലുള്ള വാർഷിക തിരിച്ചടവ് സർക്കാരും വായ്പയെടുത്തയാളും കൂടിചേർന്ന് ചുവടെ വ്യക്തമാക്കിയിട്ടുള്ള അനുപാതത്തിൽ തിരിച്ചടവ് നടത്തുന്നതാണ്.

| വർഷം | വിഹിത അനുപാതം | |
|---|---|---|
| | സംസ്ഥാന സർക്കാർ | വായ്പയെടുത്തയാൾ |
| 1-ാം വർഷം | 90% | 10% |
| 2-ാം വർഷം | 75% | 25% |
| 3-ാം വർഷം | 50% | 50% |
| 4-ാം വർഷം | 25% | 75% |

**ii. (എ) 31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 4 ലക്ഷം രൂപവരെ അനുവദിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾ.**

വായ്പയെടുത്തയാൾ വായ്പാതുകയുടെ 40% മുൻകൂറായി അടക്കുകയും പ്രസ്തുത വായ്പയുടെ മേൽ ഈടാക്കിയ മുഴുവൻ പലിശയും ബാങ്ക് ഇളവ്ചെയ്തുകൊടുക്കുകയും ചെയ്യുന്ന പക്ഷം ബാക്കിവരുന്ന 60% സർക്കാർ നൽകിക്കൊണ്ട് ലോൺ ക്ളോസ് ചെയ്യുന്നതിന് വായ്പയെടുത്തയാളെ സർക്കാർ സഹായിക്കുന്നതാണ്.

**ii. (ബി) 31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 4 ലക്ഷത്തിന് മേൽ 9 ലക്ഷം രൂപവരെ അനുവദിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾ.**

ഒരു സ്പെഷ്യൽ പാക്കേജിലൂടെ ഇത്തരം ലോൺ അക്കൗണ്ടുകൾ ക്ളോസുചെയ്യാൻ ബാങ്കുകൾ തയ്യാറാകുന്ന പക്ഷം കുടിശ്ശികയായ മുതലിന്റെ 50%, (പരമാവധി 2,40,000 രൂപവരെ) സർക്കാർ സഹായം നൽകുന്നതായിരിക്കും. ബാക്കി നിൽക്കുന്ന വായ്പാ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിനായി, തിരിച്ചടവ് കാലാവധി അവശേഷിക്കുന്ന പക്ഷം, ബാങ്ക് വായ്പാ പുനഃക്രമീകരിച്ചു

നൽകുന്നതായിരിക്കും. അല്ലാത്തപക്ഷം കുടിശ്ശിക നിൽക്കുന്ന തുക മുഴുവനായും വായ്പയെടുത്തയാൾ തിരിച്ചടക്കേണ്ടതാണ്.

**ബി.** വായ്പയുടെ മേൽ ഈടാക്കിയ മുഴുവൻ പലിശയും ബാങ്ക് ഇളവ്ചെയ്തുകൊടുക്കുന്ന പക്ഷം വിദ്യാഭ്യാസവായ്പയുടെ കാലയളവിൽ മരണപ്പെട്ടു പോയതോ, അപകടം മൂലം ശാരീരികമായോ മാനസികമായോ വൈകല്യം നേരിടുകയോ ചെയ്ത വിദ്യാർത്ഥികളുടെ മുഴുവൻ വായ്പാ തുകയും സർക്കാർ നൽകുന്നതായിരിക്കും.

**2. റിലീഫ് കാലയളവ്**

തിരിച്ചടവ് അവധിക്കുശേഷമുള്ള നാലു വർഷത്തേയ്ക്ക് അർഹരായ വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.

**3. പ്രാബല്യ തീയതി**

ഈ പദ്ധതിക്ക് 01.04.2016 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**4. വരുമാന പരിധി**

01.04.2016ൽ 6 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. 40% വരെ അംഗവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് വാർഷിക വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

**5. വായ്പാ പരിധി**

9 ലക്ഷം രൂപ വരെ അനുവദിച്ചിട്ടുള്ള വായ്പകൾക്ക് ഈ പദ്ധതിപ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.

2. റിസർവ്വ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ നിഷ്ക്രിയ ആസ്തിയായ സെക്വേർഡ് വായ്പാ അക്കൗണ്ടുകൾ (4 ലക്ഷത്തിന് മേലുള്ള വായ്പകൾ സെക്വേർഡ് വായ്പയായി കണക്കാക്കുന്നു) പുന: ക്രമീകരിക്കാൻ

അനുവദിക്കാത്തതിനാൽ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 4 ലക്ഷത്തിന് മേൽ 9 ലക്ഷം രൂപ വരെ അനുവദിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾ പലിശ ഇളവ് നൽകിക്കൊണ്ട് ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയിലൂടെ വായ്പാ ക്ലോസ് ചെയ്യാൻ സാധിക്കുകയില്ലെന്ന് എസ്.എൽ.ബി.സി അറിയിച്ചിട്ടുണ്ട്. ആയതിനാൽ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കിയതിനു ശേഷം ഈ നിർദ്ദേശം ഓരോ ബാങ്കുകളുമായി കൂടിയാലോചിച്ച് പ്രത്യേക പാക്കേജ് തയ്യാറാക്കേണ്ടതുണ്ട്.

**3.**വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിക്കായി ഏകദേശം 900 കോടി രൂപയോളം സാമ്പത്തിക ബാദ്ധ്യത വരുമെന്ന് എസ്.എൽ.ബി.സി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ 500 മുതൽ 600 കോടി രൂപ വരെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി സർക്കാരിന്റെ നയപരമായ കാര്യമായതിനാൽ ഉചിതമായ തലത്തിൽ തീരുമാനം കൈക്കൊണ്ടുകൊണ്ട് നടപ്പിലാക്കാവുന്നതാണെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

**<u>തീരുമാനമെടുക്കേണ്ട വിഷയങ്ങൾ</u>**

1. ഈ പദ്ധതി പ്രകാരം സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് വായ്പാ പരിധി 9 ലക്ഷമായി നിജപ്പെടുത്താവുന്നതാണോ;

2. ഈ പദ്ധതി പ്രകാരം സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് വാർഷിക കുടുംബ വരുമാനപരിധി പൊതുവിഭാഗത്തിന് 6 ലക്ഷമായും ഭിന്നശേഷിവിഭാഗത്തിന് 9 ലക്ഷമായും നിജപ്പെടുത്താവുന്നതാണോ;

3. നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 4 ലക്ഷത്തിന് മേൽ 9 ലക്ഷം രൂപവരെ (മുൻ ഖണ്ഡിക 1എ(ii)ബിയിൽ നിർദ്ദേശിച്ചപോലെ) അനുവദിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകളുടെ തീർപ്പാക്കലിനായി നിർദ്ദേശിച്ചിട്ടുള്ള സാമ്പത്തിക സഹായം ബാങ്കുകളുമായി കൂടിയാലോചിച്ച്

പ്രത്യേക പാക്കേജ് തയ്യാറാക്കുന്നതിനായി വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കിയതിനുശേഷം എസ്.എൽ.ബി.സിയുടെ മുമ്പാകെ സമർപ്പിക്കാവുന്നതാണോ;

4. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള ധനസഹായം യഥാസമയം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിക്കൊണ്ട് ഈ പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിനായി എസ്.എൽ.ബി.സിയുമായി സഹകരിച്ച് ഇന്റർനെറ്റ് അധിഷ്ഠിതമായ ഒരു സോഫ്റ്റ് വെയറിന് രൂപം കൊടുക്കാവുന്നതാണോ;

5. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി അംഗീകരിക്കാവുന്നതാണോ;